MS – 166

**IV Semester B.Com./B.B.A. Examination, May 2016**
**(CBCS) (Freshers)**
**(2015-16 and Onwards)**
**MALAYALAM LANGUAGE (Part – I) (Paper – IV)**

Time : 3 Hours Max. Marks : 70

I. ഏതെങ്കിലും **നാലെണ്ണത്തിന്** ഉത്തരമെഴുതുക. **(4x3=12)**

1) 'ഒറ്റയ്ക്കു മേയുന്ന പയ്യിൻ മുലകളെ –
ത്തെറ്റെന്നിപ്പൂതം കുടിക്കും'

2) 'ചുണ്ടും പിളുത്തിച്ചുരുളൻ മുടിയുമായ്
മുണ്ടകപ്പാടങ്ങൾ കാത്തുകിടക്കയാം'

3) 'ഫലഭാരനമ്രതരുക്കൾ ചൂഴും
നിലയങ്ങൾ വായ്ക്കും നിരന്ന തോട്ടം'

4) 'പകുതിയും പിന്നിട്ടു വഴിയിപ്പോളെത്തീ ഞാൻ
സുഗതനാം ബുദ്ധൻ തൻ സന്നിധിയിൽ'

5) 'ആറ്റിൻ വക്കത്തെ മാളിക വീട്ടില –
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു'

6) 'ജൃംഭിതയന്ത്രക്കിടാവെറിയും
പമ്പരംപോലെ കറങ്ങി നില്ക്കും'.

II. a) ഏതെങ്കിലും **രണ്ടെണ്ണം** എഴുതുക (**ഒന്നര** പേജിൽ). **(2x6=12)**

1) ഉണ്ണിയെ കാണുന്നതിനുമുമ്പ് പൂതത്തിന്റെ സ്വഭാവം എങ്ങനെയായിരുന്നു ?

2) വികസനത്തിനുശേഷം കുറ്റിപ്പുറത്തിന്റെ അവസ്ഥ എന്താണ് ?

3) തമിഴത്തികളുടെ വരവിനെ കറുത്തച്ചെട്ടിച്ചികളിൽ കവി എങ്ങനെ വർണ്ണിക്കുന്നു ?

b) ഏതെങ്കിലും **രണ്ടെണ്ണം** എഴുതുക (**ഒന്നര** പേജിൽ). **(2x6=12)**

1) ആദിജാതന്റെ ഉത്ഭവകഥ വിവരിക്കുക.

2) ദേവി എന്ന കഥാപാത്രം.

3) കൊല്ലന്റെ കഥ വിവരിക്കുക.

P.T.O.

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക. (**മൂന്നു**പേജിൽ). **(1×14=14)**

1) അപരിചിതമായ ഓർമ്മകളിലൂടെ 'പാണ്ഡവപുരം' നമ്മെ നയിക്കുന്നു – വിവരിക്കുക.

2) 'ജാരന്മാരിൽ നിന്നും ഞങ്ങളെ രക്ഷിക്കൂ' എന്നതിലെ ഔചിത്യം.

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പേജിൽ). **(1×14=14)**

1) 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

2) പൂതത്തിന്റെ ഉണ്ണിയെ കാണുന്നതിനും, മുമ്പുമുള്ള അവസ്ഥകളെ കവി എങ്ങനെ വിവരിക്കുന്നു ?

V. കത്തെഴുതുക. **(1×3=3)**

1) റോഡു നിർമ്മാണം നിർത്തിവെച്ചതിനെ സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡണ്ടിന് ഒരു നിവേദനം തയ്യാറാക്കുക.

VI. പരാവർത്തനം ചെയ്യുക. **(1×3=3)**

മഞ്ഞുപുതപ്പും മാറ്റിപ്പുലരൊളി
പുല്കിയുണർന്നു ലോകം
മാഞ്ഞു കഴിഞ്ഞൊരു ദീർഘസ്വപ്നം
ചെറ്റവശേഷം നിന്നു
മാനത്തിന്റെ പടിഞ്ഞാറെച്ചെരി –
വിങ്കൽക്കാറ്റുകൾ ചിന്നി –
ക്കാണും കുറ്റിക്കാട്ടിൽ മറിഞ്ഞു മറ –
ഞ്ഞൊരു നൃപനുടെ പീഠം
സ്വപ്നോച്ഛിഷ്ട മതിരുള്ളും സ്മൃതിതൻ
മച്ചിൽ വെളിച്ചം വീശി.
സ്വർഗ്ഗം പോലൊരു രാജസഭാതല
മവിടെസ്സുചിരം മിന്നി
ശാസ്ത്രികൾ പണ്ഡിതവര്യന്മാർ പല
കവികൾ കുബേരന്മാരും
സാദ്ധ്വികൾ സുന്ദരിമാരുമിരുന്നു
സഭയിൽസ്സുരുചിരശോഭം

---